# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7473      14.07.2014 ൽ മറുപടിക്ക്

**'മിഷൻ 676' - ന്റെ ഭാഗമായി പെർഫോമൻസ് ആഡിറ്റ് സംവിധാനം**

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | 'മിഷൻ 676' - ന്റെ ഭാഗമായി പെർഫോമൻസ് ആഡിറ്റ് യൂണിറ്റിന്റെ പരിശോധന മാസത്തിൽ ഒരു തവണയാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | എ) | ഗ്രാമ പഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് മാസത്തിലൊരു തവണ വീതമാക്കുക എന്ന ലക്ഷ്യം മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് സർക്കാർ തീരുമാനം എടുക്കുകയോ, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല. |
| ബി) | എത്ര മാസത്തിലൊരിക്കലാണ് ഗ്രാമ പഞ്ചായത്തുകളിൽ പെർഫോമൻസ് യൂണിറ്റ് പരിശോധന നടത്തുന്നത് ; | ബി) | മൂന്ന് മാസത്തിലൊരിക്കലാണ് ഗ്രാമ പഞ്ചായത്തുകളിൽ പെർഫോമൻസ് യൂണിറ്റ് പരിശോധന നടത്തുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രതിമാസ പരിശോധന നടത്താൻ ആഡിറ്റ് യൂണിറ്റിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ ആഡിറ്റ് യൂണിറ്റിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | ഗ്രാമ പഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളുടെ പ്രതിമാസ പരിശോധന നടപ്പിലാക്കുന്നതു സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. പ്രസ്തുത വിഷയം പരിശോധിക്കുമ്പോൾ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച കാര്യങ്ങളിലും ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതാണ്. |
| (ഡി) | പെർഫോമൻസ് ഓഡിറ്റ് സംവിധാനം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഉത്തരവിൽ ആഡിറ്റ് യൂണിറ്റിന്റെ ജോലികൾ എന്തെല്ലാമാണെന്ന് പ്രതിപാദിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ? | (ഡി) | 17.10.1997 ലെ സ.ഉ.(പി.) നം. 235/97/തഭവ പ്രകാരം പുറപ്പെടുവിച്ച 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരമാണ് പെർഫോമൻസ് ഓഡിറ്റ് സംവിധാനം പ്രവർത്തിക്കുന്നത്. പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ കർത്തവ്യങ്ങൾ പ്രസ്തുത ചട്ടങ്ങളിലെ വകുപ്പ് 4 മുതൽ വിശദമാക്കിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്